# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5003 — 24.10.2011-ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് :<br>" എം.പി. വിൻസെന്റ് :<br>" പി.എ. മാധവൻ :<br>" ഷാഫി പറമ്പിൽ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ ഗുണ നിലവാരം ഉയർത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുന്നതിൻവേണ്ടി വിവിധതരം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവിധ തരം കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിലെ പ്ലാൻ ഫണ്ട്, നബാർഡ്, അസറ്റ് മെയിന്റനൻസ് ഫണ്ട് തുടങ്ങിയ സ്കീമുകൾ വഴി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയ ആശുപത്രികളിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ചുമതലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ബഹു.എം.പി മാരുടെയും എം.എൽ.എ മാരുടെയും പ്രാദേശിക വികസന ഫണ്ട് വഴി പല സർക്കാർ ആശുപത്രികളിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br>താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ കൂടുതൽ ആധുനിക ഉപകരണങ്ങൾ നൽകിയും കൂടുതൽ സ്റ്റാഫിനെ നിയമിച്ചും ആശുപത്രികളുടെ ഗുണ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. പ്ലാൻ ഫണ്ട് വഴിയും, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം വഴിയും, 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ജീവനക്കാർ കുറവുള്ള ആശുപത്രികളിൽ എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നുണ്ട്. ഇവ കൂടാതെ കെ.എം.എസ്.സി.എൽ മുഖേന ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ ; | (ബി) | ഇതിനായി നിലവിൽ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ എന്ന പദ്ധതി NRHM വഴി നടപ്പാക്കി വരുന്നുണ്ട്. ലാബുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി എസ്സൻഷ്യൽ സ്റ്റാൻഡേർഡ് ഫോർ മെഡിക്കൽ ലബോറട്ടറീസ് എന്ന പദ്ധതിയും NRHM വഴി നടപ്പിലാക്കി വരുന്നുണ്ട്. ഇവ കൂടാതെ കേരള സർക്കാർ ആവിഷ്കരിച്ച കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്, എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയും ഉടൻ നടപ്പിലാക്കുന്നതാണ്. |
| (സി) | ഇതിന് കേന്ദ്രസഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | എൻ.എ.ബി.എച്ച് അക്രഡിറ്റേഷനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള 15 ആശുപത്രികൾക്കും ഈ വർഷം എസ്സൻഷ്യൽ സ്റ്റാൻഡേർഡ് ഫോർ മെഡിക്കൽ ലബോറട്ടറീസ് പ്രോഗ്രാമിന് തെരഞ്ഞെടുത്ത 22 ലബോറട്ടറികൾക്കും കൂടാതെ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് എന്ന പദ്ധതിയ്ക്കും ഈ വർഷത്തെ പദ്ധതി രേഖയിൽ കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | താല്പര്യപ്പെടുന്ന സ്വകാര്യആശുപത്രികൾക്ക് ഇത്തരം സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | കേരള സംസ്ഥാന അക്രഡിറ്റേഷൻ പദ്ധതിയുടെ ഭാഗമായി സ്വമേധയാ ആവശ്യപ്പെടുന്ന സ്വകാര്യ ആശുപത്രികൾക്ക് നിയമവിധേയമായി ഈ സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ